Office of the Chief Engineer LSGD, Thiruvananthapuram

# കേരള സർക്കാർ

നം.53724/ആർ.എ1/13/തസ്വഭവ.

തദ്ദേശസ്വയംഭരണ (ആർ.എ)വകുപ്പ്.
തിരുവനന്തപുരം, തീയതി, 09/09/13

പ്രേക്ഷിതൻ

ഗവൺമെന്റ് സെക്രട്ടറി.

സ്വീകർത്താവ്

1)ഡയറക്ടർ ഓഫ് പഞ്ചായത്ത്, തിരുവനന്തപുരം.

2) ഡയറക്ടർ ഓഫ് അർബൻ അഫയേഴ്സ്, തിരുവനന്തപുരം.

3)ചീഫ് എഞ്ചിനിയർ, തിരുവനന്തപുരം.

സർ,

വിഷയം :- തദ്ദേശസ്വയംഭരണ വകുപ്പ് -കെട്ടിട നിർമ്മാണ അപേക്ഷകളിന്മേൽ സാങ്കേതിക പരിശോധന നടത്തുന്നത്-സംബന്ധിച്ച്.

സൂചന :- 1. 15/06/13-ലെ 32131/ആർഎ1/12/ തസ്വഭവ. നമ്പർ സർക്കുലർ

2. 12/08/13-ലെ കക്കോടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ എ4-8593/13 നമ്പർ കത്ത്

***************

19/9/13

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. കെട്ടിട നിർമ്മാണത്തിനുള്ള അപേക്ഷയും പ്ലാനും പഞ്ചായത്തിലെ ബന്ധപ്പെട്ട സാങ്കേതിക വിദഗ്ധർ പരിശോധന നടത്തിയതിന് ശേഷം നടത്തുന്ന ശുപാർശയുടെ അടിസ്ഥാനത്തിൽ മാത്രമേ ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിർമ്മാണാനുമതി നൽകാവൂയെന്ന് സൂചന 1 പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിരുന്നു. എന്നാൽ എഞ്ചിനീയറിംഗ് വിഭാഗം സാങ്കേതിക പരിശോധന നടത്തി നൽകുന്നില്ലായെന്നും, ക്രമവൽക്കരണ അപേക്ഷകളും, കംപ്ലീഷൻ അപേക്ഷകളും അന്വേഷണം നടത്തി നൽകുന്നതിന് എഞ്ചിനീയറിംഗ് വിഭാഗത്തിന് നിർദ്ദേശം നൽകിയെങ്കിലും അപേക്ഷകൾ കൈപ്പറ്റാതെ മടക്കി നൽകുന്നതായും സർക്കാരിൽ പരാതി ലഭിച്ചിട്ടുണ്ട്. ആയതിനാൽ മേൽ സർക്കുലറിലെ നിർദ്ദേശം കർശനമായി പാലിക്കുവാൻ എഞ്ചിനീയറിംഗ് വിഭാഗത്തിന് കർശന നിർദ്ദേശം നൽകേണ്ടതാണ്.

വിശ്വസ്തതയോടെ,
ബി.മധു
ഡെപ്യൂട്ടി സെക്രട്ടറി
സെക്രട്ടറിക്കു വേണ്ടി.

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

**മേൽ എഴുത്ത് നമ്പർ. ഡിബി 1/1559/2010/സിഇ/തസ്വഭവ തീയതി 19.09.2013**

കത്തിന്റെ പകർപ്പ് എല്ലാ ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ അറിവിലേക്കും കത്തിലെ നിർദ്ദേശം കർശനമായി പാലിക്കുന്നതിനുമായി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നു.

ചീഫ് എൻജിനീയർ